എന്നതിന് പ്രാധാന്യം നൽകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആതിരപ്പള്ളി പ്രോജക്ടിനെക്കുറിച്ച് പറഞ്ഞു. അതിന്റെ ഗ്ലോബൽ ടെന്റർ വിളിച്ചുകഴിഞ്ഞു. രണ്ടു മാസത്തിനുള്ളിൽ നടപടികൾ പൂർത്തിയാകുന്നതാണ്.

(16) പാരമ്പര്യ വൈദ്യന്മാരുടെ അടിയന്തിരാവശ്യങ്ങൾ

ശ്രീ. കെ. ബാബു : സർ, അഖില കേരള പാരമ്പര്യ വൈദ്യ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഇന്നലെ സെക്രട്ടേറിയറ്റ് മാർച്ചും ധർണയും നടത്തുകയുണ്ടായി. അവരുടെ പ്രധാനപ്പെട്ട ആവശ്യം മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ അവതരിപ്പിച്ച് പാസാക്കുക എന്നുള്ളതാണ്. മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ പാസാക്കുന്നതുവരെ അവർക്ക് ജോലി ചെയ്യുന്നതിനും ചികിത്സയ്ക്കുമുള്ള അവകാശം തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിലെ 38-ാം വകുപ്പ് അനുസരിച്ച് സർക്കാർ നൽകണമെന്നുള്ളതാണ് ആവശ്യം. അതുപോലെ ഹൈക്കോടതി അംഗീകരിച്ച അഖില കേരള പാരമ്പര്യ വൈദ്യ ഫെഡറേഷനിലെ മെമ്പർമാർക്ക് ലൈസൻസ് നൽകുക തുടങ്ങിയ പത്ത് ആവശ്യങ്ങളാണ് അവർ ഉന്നയിച്ചിട്ടുള്ളത്. അഖില കേരള പാരമ്പര്യ വൈദ്യ ഫെഡറേഷനിൽപ്പെട്ട വൈദ്യന്മാർക്ക് ചികിത്സയ്ക്കുള്ള സൗകര്യം ഗവൺമെന്റ് ചെയ്തു കൊടുക്കണം. മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ അടിയന്തിരമായി അവതരിപ്പിച്ച് പാസാക്കണമെന്നും ഞാൻ വിനയപൂർവം അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, കേരളത്തിലെ പാരമ്പര്യ വൈദ്യന്മാർക്ക് പെൻഷൻ നൽകാനുള്ള പദ്ധതിയൊന്നും നിലവിലില്ല. എന്നാൽ ചില അംഗീകൃത പാരമ്പര്യ വൈദ്യന്മാർ ഉൾപ്പെടെയുള്ള വിഷവൈദ്യന്മാർക്ക് സർക്കാർ ഗ്രാന്റ് നൽകിവരുന്നുണ്ട്. മുൻപു നിലവിലുണ്ടായിരുന്ന നിയമപ്രകാരം രജിസ്ട്രേഷനോ രജിസ്ട്രേഷനിൽ ഇളവോ അനുവദിച്ചിട്ടുള്ളവർക്ക് മാത്രമാണ് ഇപ്രകാരം ഗ്രാന്റ് നൽകുന്നത്. നിലവിലുള്ള നിയമമനുസരിച്ച് പാരമ്പര്യ വൈദ്യന്മാർക്ക് രജിസ്ട്രേഷൻ നൽകാനുള്ള വ്യവസ്ഥയൊന്നുമില്ല. എന്നാൽ കേരളത്തിലാകമാനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുള്ള Kerala medical Practitioners Bill -ന്റെ കരടിൽ അംഗീകൃത വിദ്യാഭ്യാസ യോഗ്യതയില്ലാത്ത പരിചയസമ്പന്നരായ പാരമ്പര്യ വൈദ്യന്മാർക്ക് രജിസ്ട്രേഷന് വ്യവസ്ഥ നൽകിയിട്ടുണ്ട്. കരട് ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനു മുൻപ് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ആവശ്യമാണ്. അതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ബിൽ പ്രാബല്യത്തിൽ വന്ന് വൈദ്യന്മാർക്ക് അംഗീകാരം നൽകിയതിന് ശേഷമേ മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ കഴിയുകയുള്ളു. പേറ്റന്റ് നിയമത്തിൽ നിന്ന് ആയുർവേദ മരുന്നുകളേയും പാരമ്പര്യ ചികിൽസാ സമ്പ്രദായങ്ങളേയും താളിയോല ഗ്രന്ഥങ്ങൾ ഉൾപ്പെടെയുള്ള ഗ്രന്ഥങ്ങളേയും മറ്റ് വിലപ്പെട്ട രേഖകളെയും സംരക്ഷിക്കുന്നതിന് ഇതിനകംതന്നെ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാരമ്പര്യ ഔഷധങ്ങളുടെ പേറ്റന്റ് സമ്പ്രദായങ്ങളുടെ ശാസ്ത്രീയ വശങ്ങളെ സംബന്ധിച്ച് സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഒരു ദേശീയ ശിൽപ്പശാല 1999 ജൂൺ 5-ാം തീയതി

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയുണ്ടായി. ആയുർവേദത്തിൽ ഇന്ന് ലഭ്യമായിട്ടുള്ള ഗ്രന്ഥങ്ങളും മറ്റ് രേഖകളും ശേഖരിച്ച് നമ്മുടെ ഭൗതിക സ്വത്തായി പ്രഖ്യാപിക്കുക, ആയുർവേദവും ഇതര ചികിൽസാ സമ്പ്രദായങ്ങളും സംബന്ധിച്ചുള്ള അറിവ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നിങ്ങനെ വിവിധ നിർദ്ദേശങ്ങൾ മേൽപ്പറഞ്ഞ ശിൽപ്പശാലയിൽ പേറ്റന്റ് സംബന്ധിച്ച് വരുകയുണ്ടായി. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന കാര്യം പരിശോധിക്കുന്നതാണ്.

VI വ്യക്തിപരമായ വിശദീകരണം

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ ഇന്ന് ഒരു പേഴ്സണൽ എക്സ്പ്ലനേഷനുവേണ്ടിയിട്ട് എഴുതിതന്നിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ഒരു സബ്മിഷനു മറുപടി പറഞ്ഞ അവസരത്തിൽ ഈ സഭയുടെ അന്തസിന് ചേരാത്ത ഒരു പരാമർശം നടത്തിയെന്നാണ് എനിക്ക് തോന്നുന്നത്. ഇത് അങ്ങാണ് നിശ്ചയിക്കേണ്ടത്. അദ്ദേഹം എന്നെക്കുറിച്ച് ഇന്നലെ പറഞ്ഞത് "ശ്രീ ജേക്കബിന് അത് മനസിലാകുകയില്ല, അയാൾക്ക് വേറെ കുഴപ്പമുണ്ട്" എന്നൊക്കെയാണ്. ഇന്നു പറഞ്ഞത് "ശ്രീ ജേക്കബിന് എന്തോ പ്രശ്നമുണ്ട്. ശ്രീ ജേക്കബ് ഒന്നടിച്ചു ശ്രീ മാണി അത് കേറ്റിയടിച്ചു." ഇത് എന്താണ്? സഭയിൽ ഒരു മുഖ്യമന്ത്രി സംസാരിക്കുമ്പോൾ ..... സാധാരണ ഒരാൾ പ്രസംഗിക്കുമ്പോൾ എന്തെങ്കിലും ഒരു തമാശയ്ക്കോ രസത്തിനോ വല്ലതും പറഞ്ഞാൽ അത് മനസ്സിലാക്കാം.

മി. സ്പീക്കർ : അങ്ങയെ രക്ഷിച്ചുകൊണ്ടാണ് അത് പറഞ്ഞത്.

ശ്രീ. ടി. എം. ജേക്കബ് : എനിക്ക് അങ്ങനെ തോന്നിയില്ല. ഇന്നലെ ഞാൻ പറഞ്ഞ കാര്യം വളരെ റെലവന്റാണെന്നുള്ളത് ഈ രാജ്യത്തിലെ ജനങ്ങൾക്ക് ബോദ്ധ്യമുണ്ട് ; സഭയ്ക്ക് ബോദ്ധ്യമുണ്ട്. ശ്രീ. കെ. എം. മാണി ആ വിഷയം തന്നെ ഇവിടെ പറഞ്ഞു. അതിനെക്കുറിച്ച് ചർച്ചയും ഇവിടെ വരികയുണ്ടായി. ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയത്തെക്കുറിച്ച് പറയുമ്പോൾ മുഖ്യമന്ത്രിയെപ്പോലെ ഒരാൾ, അദ്ദേഹം വളരെ മോശമായ രീതിയിൽ അംഗങ്ങളെക്കുറിച്ച് പറയുക ; അദ്ദേഹത്തിന്റെ പ്രായത്തെ ഞങ്ങൾ ബഹുമാനിക്കുന്നു, അദ്ദേഹത്തിന്റെ രാഷ്ട്രീയ പരിചയത്തെ ഞങ്ങൾ ബഹുമാനിക്കുന്നു. അദ്ദേഹത്തെപ്പോലെ പഴക്കമുള്ള, പ്രായമുള്ള ഒരു വ്യക്തി, സഭയുടെ നാഥൻ, കേരളാ മുഖ്യമന്ത്രി അദ്ദേഹം മറ്റംഗങ്ങളെക്കുറിച്ച് ഇങ്ങനെ ബാലിശമായും മോശമായും സംസാരിച്ചാലോ ? അദ്ദേഹം സഭാനേതാവ് കൂടിയല്ലേ? അങ്ങ് ഞങ്ങളെക്കുറിച്ച് ഒരു വാക്ക് പറഞ്ഞാൽ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകും. അതുപോലെ തന്നെയാണ് സഭയിൽ സഭാനേതാവിന്റെയും, പ്രതിപക്ഷ നേതാവിന്റെയുമൊക്കെ സ്ഥാനം. സർ, ഇവിടെ എത്രയോ ഇൻസിഡന്റ്സ് ഉണ്ടായിട്ടുണ്ട്. അച്യുതമേനോൻ ഈ സഭയിൽ അംഗമായിരുന്ന കാലത്ത് എന്തോ ഒരു ചെറിയ പരാമർശം വന്ന സമയത്ത് എണീറ്റ് ക്ഷമ പറഞ്ഞ ആളാണ്. അതിനുശേഷം എത്രയോ മുഖ്യമന്ത്രിമാർ ഈ സഭയിൽ സഭാനേതാവായിരുന്നിട്ടുണ്ട്. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ റൂൾ 307 പ്രകാരം അദ്ദേഹം ഉപയോഗിച്ച വാക്ക്, ഇൻഡീസന്റായിട്ടുള്ള വാക്കാണ്, അത് ഒരിക്കലും സഭയുടെ മാന്യതയ്ക്ക് ചേർന്നതല്ല. മുഖ്യമന്ത്രി പറയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly